# പതിനഞ്ചാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2025 മാർച്ച് 19, ബുധൻ

**നമ്പർ 176**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ ആറ് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം (റൂൾ 50) :

മണോളിക്കാവ് ക്ഷേത്രോൽസവത്തോടനുബന്ധിച്ച് ഉണ്ടായ സംഘർഷവുമായി ബന്ധപ്പെട്ട സംഭവങ്ങൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. സണ്ണി ജോസഫും മറ്റ് അഞ്ച് അംഗങ്ങളും നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത വിഷയം പൊതു പ്രാധാന്യമർഹിക്കാത്തതും അടിയന്തര സ്വഭാവമില്ലാത്തതായതിനാൽ അനുവദിക്കാൻ കഴിയില്ലായെന്ന് സ്പീക്കർ അറിയിക്കുകയും നോട്ടീസ് നിരസിക്കുകയും ചെയ്തു.

(ഇക്കാര്യത്തിലെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

1) കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ വികസന കോർപ്പറേഷൻ പ്രസ്തുത വിഭാഗങ്ങൾക്ക് നല്കി വരുന്ന വിവിധ വായ്പാപദ്ധതികൾ വിപുലപ്പെടുത്തേണ്ടതിന്റെയും കോർപ്പറേഷനെ സർക്കാർ പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയാക്കുന്നതിന് ബൈലാ ഭേദഗതി ചെയ്യേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീ. യു. ആർ. പ്രദീപ് പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രിക്കു വേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

2) തൃപ്പൂണിത്തുറ, വൈപ്പിൻ, എറണാകുളം, കൊച്ചി എന്നീ നിയോജക മണ്ഡലങ്ങളിലെ വിവിധ കായലോര പ്രദേശങ്ങളിൽ നിരന്തരമുണ്ടാകുന്ന വേലിയേറ്റം മൂലം ജനജീവിതം ദുസ്സഹമായി തീർന്നതായി പറയപ്പെടുന്ന വിഷയത്തിലേക്ക് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. ജലവിഭവ വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. പി. പി. ചിത്തരഞ്ജൻ | ആലപ്പുഴയിൽ വേമ്പനാട് കായൽ തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ ശുചീകരിക്കുന്നതിന് പ്രത്യേക പദ്ധതി | ബഹു. തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 2. | ഡോ. എൻ. ജയരാജ് | മണിമല വില്ലേജിലെ റവന്യൂ ഭൂമി സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിന് നടപടി | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3. | ശ്രീ. ജോബ് മൈക്കിൾ | ചങ്ങനാശ്ശേരി റവന്യൂ ടവറിലെ ലിഫ്റ്റുകളുടെ പ്രവർത്തനം | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 4. | ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | കോഴിക്കോട് കസബ ശാന്തിനഗർ നിവാസികളുടെ പട്ടയ പ്രശ്നം | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 5. | ശ്രീ. ടി. ജെ. വിനോദ് | വേമ്പനാട് കായൽ ഡ്രഡ്ജിംഗ് നടത്തി ആഴം കൂട്ടുന്നതിന് നടപടി | ബഹു. ജലവിഭവ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 6. | ശ്രീ. എം. വിജിൻ | കല്ല്യാശ്ശേരിയിലെ റഗുലേറ്റർ കം ബ്രിഡ്ജിന് പുതിയ ഷട്ടർ | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 7. | ശ്രീ. വാഴൂർ സോമൻ | ഇടുക്കി ജില്ലയിലെ നിർമ്മാണ സാമഗ്രികളുടെ അഭാവം | ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 8. | ശ്രീ. സജീവ് ജോസഫ് | കശുവണ്ടിയുടെ ന്യായവിലയും സംഭരണവും | ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 9. | ശ്രീമതി യു. പ്രതിഭ | ദേശീയപാത 66-ൽ കായംകുളത്തെ അടിപ്പാതകൾ, മേൽപ്പാലങ്ങൾ എന്നിവയുടെ നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 10. | ശ്രീ. പി. അബ്ദുൽ ഹമീദ് | പെരുവള്ളൂർ ഐസൊലേഷൻ വാർഡിന്റെ പൂർത്തീകരണം | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം :</u>

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ 37 മുതൽ 41 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

<u>ചട്ടത്തിനുള്ള ഭേദഗതി :</u>

താഴെപ്പറയുന്ന ചട്ടങ്ങൾക്ക് ഡോ. എൻ. ജയരാജ് നോട്ടീസ് നൽകിയ ഭേദഗതികൾ പരിഗണിച്ചു.

1) 2021 ജൂൺ 28-ാം തീയതിയിലെ ജി.ഒ. (എം.എസ്.) നം.120/2021/ എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നം.482/2021) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2021-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (അമെന്റ്മെന്റ്) റൂൾസിന് ഡോ. എൻ. ജയരാജ് ഭേദഗതികൾ അവതരിപ്പിച്ച് സംസാരിച്ചു. തദ്ദേശ സ്വയംഭരണ-

എക്സൈസ്- പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ മറുപടിയ്ക്കുശേഷം താഴെപ്പറയുന്ന ഭേദഗതികളോടെ ചട്ടം സഭ അംഗീകരിക്കുകയും ശേഷിക്കുന്ന ഭേദഗതികൾ പിൻവലിക്കുകയുമുണ്ടായി.

i) In Principal Rule 15(1) proposed to be amended by Rule 2(9)(a), before the word "acknowledgement" the words "or an" shall be inserted.

ii) In the second paragraph of Rule 99(7) proposed to be inserted in the Principal Rule 2(16) after the words "shall be" the word "at" shall be inserted.

2) 2021 ജൂൺ 28-ാം തീയതിയിലെ ജി.ഒ. (എം.എസ്.) നം.121/2021/ എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നം.483/2021) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2021-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (അമെന്റ്മെന്റ്) റൂൾസിന് ഡോ. എൻ. ജയരാജ് ഭേദഗതികൾ അവതരിപ്പിച്ച് സംസാരിച്ചു. തദ്ദേശ സ്വയംഭരണ-എക്സൈസ്- പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ മറുപടിയ്ക്കുശേഷം താഴെപ്പറയുന്ന ഭേദഗതികളോടെ ചട്ടം സഭ അംഗീകരിക്കുകയും ശേഷിക്കുന്ന ഭേദഗതികൾ പിൻവലിക്കുകയുമുണ്ടായി.

i) In Principal Rule 15(1) proposed to be amended by Rule 2(9)(a), before the word "acknowledgement" the words "or an" shall be inserted.

ii) In Rule 19B(1) proposed to be inserted in the Principal Rule by Rule 2(10) for the words "as intimate to the authority" the words "shall intimate the authority concerned" shall be substituted.

iii) The second paragraph of Rule 99(7) proposed to be inserted in the Principal Rule by Rule 2(15) after the words "shall be" the word "at" shall be inserted.

iv) In Appendix A1A proposed to be inserted in the Principal Rule by Rule 2(17) in the entry against serial no. 9 for the letters "KPBR" the letters "KMBR" shall be substituted.

v) In Appendix A1A proposed to be inserted in the Principal Rule by Rule 2(17) in the entry against serial no. 19 for the words and figures "Kerala Panchayat Building Rules 2019 " the words, symbol and figures "Kerala Municipality Building Rules 2019" shall be substituted.

3) 2020 ജൂലൈ 1-ാം തീയതിയിലെ സ.ഉ. (അച്ചടി) നം. 89/2020/ധനം. (എസ്.ആർ.ഒ. നം. 726/2020) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2020-ലെ കേരള ട്രഷറി (ഒന്നാമത് ഭേദഗതി) ചട്ടങ്ങൾക്ക് ഡോ. എൻ. ജയരാജ് ഭേദഗതികൾ അവതരിപ്പിച്ച് സംസാരിച്ചു. ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയ്ക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ പിൻവലിക്കുകയും ഭേദഗതികളില്ലാതെ ചട്ടം സഭ അംഗീകരിക്കുകയും ചെയ്തു.

4) 2024 ഒക്ടോബർ 2-ാം തീയതിയിലെ സ.ഉ. (അച്ചടി) നം.52/2024/തസ്വഭവ. (എസ്.ആർ.ഒ. നം. 1104/2024) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024-ലെ കേരള പഞ്ചായത്ത് രാജ് (മൃഗാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങൾക്ക് ഡോ. എൻ. ജയരാജ് ഭേദഗതികൾ അവതരിപ്പിച്ച് സംസാരിച്ചു. തദ്ദേശ സ്വയംഭരണ-എക്സൈസ്- പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ മറുപടിയ്ക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ പിൻവലിക്കുകയും ഭേദഗതികളില്ലാതെ ചട്ടം സഭ അംഗീകരിക്കുകയും ചെയ്തു.

നിയമനിർമ്മാണ കാര്യം :

1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും :

i) 2025-ലെ കേരള ധനകാര്യ ബിൽ :

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2025-ലെ കേരള ധനകാര്യ ബിൽ അവതരിപ്പിക്കുകയും ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-യുടെയും ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II-ന്റെയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V-ന്റെയും സംയുക്ത പരിഗണനയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII-ന് അയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു. ഉപക്ഷേപം പിന്താങ്ങപ്പെട്ടു. 2025-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതി ശ്രീ. എം. എസ്. അരുൺകുമാറും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന 2 ബി ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളും അവതരിപ്പിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീമതി യു. പ്രതിഭ

ശ്രീ. എം. വിൻസെന്റ്

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീ. കെ. പി. എ. മജീദ്

ഡോ. എൻ. ജയരാജ്

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. കെ. ആൻസലൻ

ശ്രീ. അഹമ്മദ് ദേവർകോവിൽ

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. കെ. ബാബു (നെന്മാറ)

ശ്രീ. പി. സി. വിഷ്ണുനാഥ്

ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയ്ക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കുകയും തുടർന്ന് ബിൽ സാമ്പത്തികകാര്യം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം പാസ്സാക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റി VIII- ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

<u>ii) 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ :</u>

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുകയും ചെയ്തു. ഉപക്ഷേപം പിന്താങ്ങപ്പെട്ടു. 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതി ശ്രീ. മാത്യു ടി. തോമസ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. കെ. പി. മോഹനനും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന 2 ബി ഭേദഗതി ശ്രീ. റോജി എം. ജോണും അവതരിപ്പിച്ച് സംസാരിച്ചു. മന്ത്രിയുടെ മറുപടിയ്ക്കുശേഷം 1 എ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും 2 ബി ഭേദഗതി സഭ തള്ളുകയും തുടർന്ന് ബിൽ സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം പാസ്സാക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

iii) 2025-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (2-ാം നമ്പർ) (ഭേദഗതി) ബിൽ :

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു 2025-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (2-ാം നമ്പർ) (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ബിൽ സബ്ജക്റ്റ് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുകയും ചെയ്തു. ഉപക്ഷേപം പിന്താങ്ങപ്പെട്ടു. 2025-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (2-ാം നമ്പർ) (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതി ശ്രീമതി ദെലീമ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. സച്ചിൻദേവും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന 2 ബി ഭേദഗതി ശ്രീ. അൻവർ സാദത്ത് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എ. പി. അനിൽ കുമാറും അവതരിപ്പിച്ചു സംസാരിച്ചു. മന്ത്രിയുടെ മറുപടിയ്ക്കുശേഷം 1 എ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും 2 ബി ഭേദഗതി സഭ തള്ളുകയും തുടർന്ന് ബിൽ സബ്ജക്റ്റ് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം പാസ്സാക്കുകയും ബിൽ സബ്ജക്റ്റ് കമ്മിറ്റി VI- ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

2) സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബില്ലിന്റെ പരിഗണനയും അനന്തര ഘട്ടങ്ങളും :

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിരുന്ന ശ്രീ. യു. എ. ലത്തീഫ് സംസാരിച്ചു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതി ശ്രീ. എൻ. എ. നെല്ലിക്കുന്നും ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി ഭേദഗതി ശ്രീ. കെ. വി. സുമേഷും അവതരിപ്പിച്ചു സംസാരിച്ചു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം 1 എ ഭേദഗതി സഭ തള്ളുകയും 2 ബി ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ചെയ്തു. തുടർന്ന് ഉപക്ഷേപം പാസ്സാകുകയും ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു.

<u>നാലാം വകുപ്പ്</u>

i) ഖണ്ഡം 4(2)-ൽ "ചെയർപേഴ്സണിനോ" എന്നതിന് പകരം "ചെയർപേഴ്സണോ" എന്ന് ചേർക്കുക.

ii) ഖണ്ഡം 4(3)-ൽ "അവ" എന്ന വാക്കിന് മുമ്പ് "സർക്കാർ" എന്ന് ചേർക്കുക.

iii) ഖണ്ഡം 4(3)-ൽ " അദ്ദേഹത്തെ" എന്നതിന് പകരം " അദ്ദേഹം" എന്ന് ചേർക്കുക.

iv) ഖണ്ഡം 4(4)(എഫ്)-ൽ "അല്ലെങ്കിൽ" എന്നത് ഒഴിവാക്കുക.

v) ഖണ്ഡം 4(5)-ൽ " തത്സ്ഥാനത്ത്" എന്നതിന് പകരം " തൽസ്ഥാനത്ത്" എന്ന് ചേർക്കുക.

vi) ഖണ്ഡം 4(6)-ന്റെ ക്ലിപ്തനിബന്ധനയിൽ "കാലയളവിലേയ്ക്ക്" എന്നതിനു പകരം "കാലയളവിലേക്ക്" എന്ന് ചേർക്കുക.

vii) ഖണ്ഡം 4(8)-ൽ "അർഹത" എന്നതിന് മുമ്പിൽ "അദ്ദേഹത്തിന്" എന്ന് ചേർക്കുക.

<u>അഞ്ചാം വകുപ്പ്</u>

i) ഖണ്ഡം 5(1)-ൽ "ലഭ്യമാക്കേണ്ടതാണ്" എന്നതിന് പകരം "നിയമിക്കേണ്ടതാണ്" എന്ന് ചേർക്കുക.

<u>ആറാം വകുപ്പ്</u>

i) ഖണ്ഡം 6-ൽ "ഓണറേറിയവും ബത്തകളും" എന്നതിന് ശേഷം "സിറ്റിംഗ് ഫീസും" എന്ന് ചേർക്കുക.

<u>ഏഴാം വകുപ്പ്</u>

i) ഖണ്ഡം 7-ൽ " പ്രവൃത്തികളും" എന്നതിന് പകരം " പ്രവൃത്തിയും അല്ലെങ്കിൽ നടപടിയും" എന്ന് ചേർക്കുക.

<u>എട്ടാം വകുപ്പ്</u>

i) ഖണ്ഡം 8(3)-ൽ "വിളിക്കാവുന്നതും" എന്നതിന് ശേഷം "യോഗങ്ങളിൽ പങ്കെടുക്കാവുന്നതും " എന്ന് ചേർക്കുക.

<u>ഒൻപതാം വകുപ്പ്</u>

i) ഖണ്ഡം 9(1)-ൽ "സാദ്ധ്യമാക്കുന്നതും" എന്നതിന് പകരം "സാധ്യമാക്കുന്നതും" എന്ന് ചേർക്കുക.

ii) ഖണ്ഡം 9(1)-ൽ "കഴിവുകൾ" എന്നതിന് പകരം "കഴിവുകളും പരിചയസമ്പത്തും" എന്ന് ചേർക്കുക.

iii) ഖണ്ഡം 9(1)-ൽ "ഉപയുക്തമാക്കുന്നതിനാവശ്യമായ" എന്നതിന് പകരം "പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ" എന്ന് ചേർക്കുക.

iv) ഖണ്ഡം 9(2)-ൽ "നിർവ്വഹിക്കാവുന്നതാണ്" എന്നതിന് പകരം "നിർവ്വഹിക്കേണ്ടതാണ്" എന്ന് ചേർക്കുക.

v) ഖണ്ഡം 9(2)(സി)-ൽ "അനാഥരാകപ്പെടുകയോ" എന്നതിന് പകരം "അനാഥരാകുകയോ " എന്ന് ചേർക്കുക.

vi) ഖണ്ഡം 9(2)(ഇ)-ൽ "റിപ്പോർട്ട് തയ്യാറാക്കി" എന്നതിനു ശേഷം "കഴിവതും വേഗം" എന്ന് ചേർക്കുക.

vii) ഖണ്ഡം 9(2)(എഫ്)-ൽ "എന്നിവയിൽനിന്നും" എന്നതിനു പകരം "എന്നിവിടങ്ങളിൽനിന്നും" എന്ന് ചേർക്കുക.

viii) ഖണ്ഡം 9(2)(ജി)-ൽ "തയ്യാറാക്കുക" എന്നതിന് പകരം "തയ്യാറാക്കി പ്രസിദ്ധീകരിക്കുക" എന്ന് ചേർക്കുക.

പത്താം വകുപ്പ്

i) ഖണ്ഡം 10(1)(ബി)-ൽ "കോർപ്പറേഷനുകളുടെയോ" എന്നതിന് ശേഷം "ബോർഡുകളുടേയോ" എന്ന് ചേർക്കുക.

ii) ഖണ്ഡം 10(4)-ൽ "പരിഹാരത്തിനായോ" എന്നതിന് ശേഷം "അന്വേഷണം പൂർത്തിയാക്കി ഒരു മാസത്തിനകം" എന്ന് ചേർക്കുക.

പതിനൊന്നാം വകുപ്പ്

i) ഖണ്ഡം 11-ൽ "സമ്മാനങ്ങൾ" എന്നതിനു പകരം "സമ്മാനങ്ങളോ പുരസ്കാരങ്ങളോ" എന്നത് ചേർക്കുക.

ii) ഖണ്ഡം 11-ൽ "നൽകുന്നതിനും" എന്നതിന് ശേഷം "ആയതിലേക്ക്" എന്ന് ചേർക്കുക.

പതിനാലാം വകുപ്പ്

i) ഖണ്ഡം 14(1)-ൽ "തീയതിയിലും" എന്നതിന് പകരം "രീതിയിലും" എന്ന് ചേർക്കുക.

ഇരുപതാം വകുപ്പ്

i)ഖണ്ഡം 20 താഴെപ്പറയും പ്രകാരം മാറ്റുക.

" 20. സാധൂകരണം.—2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസിന്റെ (2024-ലെ 3) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നാൽ തന്നെയും,—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻ കീഴിൽ ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ്;

(ബി) പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം ഇല്ലാതായിത്തീർന്നതിനുശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതിയ്ക്ക് മുമ്പും ചെയ്ത ഏതൊരുകാര്യവും എടുത്ത ഏതൊരു നടപടിയും പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നില്ലായെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്യാമായിരുന്ന അഥവാ എടുക്കാമായിരുന്ന എങ്കിൽ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്."

ഒന്നാം വകുപ്പും പീഠികയും ചേരും

i) ദീർഘശീർഷകത്തിൽ "കഴിവുകൾ" എന്നതിന് പകരം "കഴിവുകളും പരിചയസമ്പത്തും" എന്ന് ചേർക്കുക.

ii) ദീർഘശീർഷകത്തിൽ "ഉപയുക്തമാക്കുന്നതിനാവശ്യമായ" എന്നതിന് പകരം " പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ" എന്ന് ചേർക്കുക.

iii) ദീർഘശീർഷകത്തിൽ "പ്രവർത്തനങ്ങൾ" എന്നതിന് പകരം "പദ്ധതികളും പ്രവർത്തനങ്ങളും" എന്ന് ചേർക്കുക.

iv) ദീർഘശീർഷകത്തിൽ "ഉറപ്പവരുത്തുന്നതിനുമായി" എന്നതിന് പകരം " ഉറപ്പുവരുത്തുന്നതിനുമായി" എന്ന് ചേർക്കുക.

v) പീഠികയിൽ "കഴിവുകൾ" എന്നതിന് പകരം "കഴിവുകളും പരിചയസമ്പത്തും" എന്ന് ചേർക്കുക.

vi) പീഠികയിൽ "ഉപയുക്തമാക്കുന്നതിനാവശ്യമായ" എന്നതിന് പകരം " പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ" എന്ന് ചേർക്കുക.

vii) പീഠികയിൽ "പ്രവർത്തനങ്ങൾ" എന്നതിന് പകരം "പദ്ധതികളും പ്രവർത്തനങ്ങളും " എന്ന് ചേർക്കുക.

2025 മാർച്ച് 20-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 5.50-ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*

**FIFTEENTH KERALA LEGISLATIVE ASSEMBLY**

**Thirteenth Session**

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, March 19, 2025*

**No. 176**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Six Questions in the list of Questions posted for the day were answered orally.

*Adjournment Motion (Rule 50):*

Shri. Sunny Joseph and five other Members had given notice of an adjournment motion regarding the incidents related to the conflict occurred during the Manolikkavu temple festival. Speaker rejected the notice stating that the matter in question was not of public importance and was not urgent in nature.

(As a mark of protest, the Members belonging to opposition staged walkout. )

*Calling Attention :*

1. Shri U. R. Pradeep called the attention of the Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes to the necessity to expand various loan schemes of Kerala State Development Corporation for Scheduled Castes and Scheduled Tribes to the said sections and to amend the Bye-law to make the Corporation, the accredited agency to undertake and implement Government schemes. The Minister for Law, Industries and Coir made a statement in this regard.

2. Shri K. Babu (Thripoonithura) called the attention of the Minister for Water Resources to the disrupted livelihoods reported to have faced by the residents of various backwater coastal areas of Thripoonithura, Vypeen, Ernakulam

and Kochi constituencies due to recurrent high tides. The Minister for Water Resources made a statement in this regard.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. പി. പി. ചിത്തരഞ്ജൻ | ആലപ്പുഴയിൽ വേമ്പനാട് കായൽ തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ ശുചീകരിക്കുന്നതിന് പ്രത്യേക പദ്ധതി | ബഹു. തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 2. | ഡോ. എൻ. ജയരാജ് | മണിമല വില്ലേജിലെ റവന്യൂ ഭൂമി സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിന് നടപടി | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3. | ശ്രീ. ജോബ് മൈക്കിൾ | ചങ്ങനാശ്ശേരി റവന്യൂ ടവറിലെ ലിഫ്റ്റുകളുടെ പ്രവർത്തനം | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 4. | ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | കോഴിക്കോട് കസബ ശാന്തിനഗർ നിവാസികളുടെ പട്ടയ പ്രശ്നം | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 5. | ശ്രീ. ടി. ജെ. വിനോദ് | വേമ്പനാട് കായൽ ഡ്രഡ്ജിംഗ് നടത്തി ആഴം കൂട്ടുന്നതിന് നടപടി | ബഹു. ജലവിഭവ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 6. | ശ്രീ. എം. വിജിൻ | കല്ല്യാശ്ശേരിയിലെ റഗുലേറ്റർ കം ബ്രിഡ്ജിന് പുതിയ ഷട്ടർ | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 7. | ശ്രീ. വാഴൂർ സോമൻ | ഇടുക്കി ജില്ലയിലെ നിർമ്മാണ സാമഗ്രികളുടെ അഭാവം | ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 8. | ശ്രീ. സജീവ് ജോസഫ് | കശുവണ്ടിയുടെ ന്യായവിലയും സംഭരണവും | ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 9. | ശ്രീമതി യു. പ്രതിഭ | ദേശീയപാത 66-ൽ കായംകുളത്തെ അടിപ്പാതകൾ, മേൽപ്പാലങ്ങൾ എന്നിവയുടെ നിർമ്മാണം | ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 10. | ശ്രീ. പി. അബ്ദുൽ ഹമീദ് | പെരുവള്ളൂർ ഐസൊലേഷൻ വാർഡിന്റെ പൂർത്തീകരണം | ബഹു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

The Ministers concerned made the statement regarding the respective issue.

*Presentation of Reports :*

Thirty Seventh to Forty First Reports of the Committee on Subordinate Legislation were presented.

*Consideration of Amendment to Rules :*

Consideration amendments to the following Rules given notice by Dr. N. Jayaraj.

1) Dr. N. Jayaraj moved amendments to The Kerala Panchayat Building (Amendment) Rules, 2021 issued in G.O.(Ms.) No.120/2021/LSGD. Dated 28-6-2021 (S.R.O. No. 482/2021). The Minister for Local Self Governments, Excise and Parliamentary Affais replied to the points raised. After the reply of the Minister,

the rule was adopted with the following amendments and the rest of the amendments were withdrawn with the leave of the House.

i) In Principal Rule 15(1) proposed to be amended by Rule 2(9)(a), before the word "acknowledgement" the words "or an" shall be inserted.

ii) In the second paragraph of Rule 99(7) proposed to be inserted in the Principal Rule 2(16) after the words "shall be" the word "at" shall be inserted.

2) DR. N. Jayaraj moved amendments to The Kerala Municipality Building (Amendment) Rules, 2021 issued in G.O.(Ms.) No.121/2021/LSGD. Dated 28-6-2021 (S.R.O. No. 483/2021). The Minister for Local Self Governments, Excise and Parliamentary Affais replied to the points raised. After the reply of the Minister, the rule was adopted with the following amendments and the rest of the amendments were withdrawn with the leave of the House.

i) In Principal Rule 15(1) proposed to be amended by Rule 2(9)(a), before the word "acknowledgement" the words "or an" shall be inserted.

ii) In Rule 19B(1) proposed to be inserted in the Principal Rule by Rule 2(10) for the words "as intimate to the authority" the words "shall intimate the authority concerned" shall be substituted.

iii) The second paragraph of Rule 99(7) proposed to be inserted in the Principal Rule by Rule 2(15) after the words "shall be" the word "at" shall be inserted.

iv) In Appendix A1A proposed to be inserted in the Principal Rule by Rule 2(17) in the entry against serial no. 9 for the letters "KPBR" the letters "KMBR" shall be substituted.

v) In Appendix A1A proposed to be inserted in the Principal Rule by Rule 2(17) in the entry against serial no. 19 for the words and figures "Kerala Panchayat Building Rules 2019 " the words, symbol and figures "Kerala Municipality Building Rules 2019" shall be substituted.

3) DR. N. Jayaraj moved amendments to The Kerala Treasury (I[st] Amendment) Rules, 2020 issued in G.O.(P) No.89/2020/Fin. Dated 1-7-2020 (S.R.O. No. 726/2020). The Minister for Finance replied to the points raised.

After the reply of the Minister, the amendments moved were withdrawn with the leave of the House and the rule was adopted without amendments.

4) DR. N. Jayaraj moved amendments to The Kerala Panchayat Raj (Managing Committee for Veterinary Institutions)Rules, 2024 issued in G.O.(P) No.52/2024/LSGD.dated, 2-10-2024 (S.R.O. No. 1104/2024). The Minister for Local Self Governments, Excise and Parliamentary Affais replied to the points raised. After the reply of the Minister, the amendments moved were withdrawn with the leave of the House and the rule was adopted without amendments.

*Legislative Business :*

1) Introduction and Motion for reference to Subject Comittee of The following Bills :

i) The Kerala Finance Bill, 2025:

Shri K. N. Balagopal, Minister for Finance introduced The Kerala Finance Bill, 2025 and moved that the Bill be referred to Subject Committee VIII for Joint consideration with Subject Committee XIV, Subject Committee II, and Subject Committee V. The motion was seconded. Shri M. S. Arun Kumar moved 1A amendment to circulate the The Kerala Finance Bill, 2025 for eliciting public opinion and Prof. Abid Hussain Thangal moved 2B amendment for referring the bill to a Select Committee. The following members tookpart in the discussion.

Smt. U. Prathibha

Shri M. Vincent

Shri P. Balachandran

Shri K. P. A. Majeed

DR. N. Jayaraj

Shri T. I. Madhusoodanan

Shri M. S. Arun Kumar

Shri Eldose P. Kunnappillil

Shri P. Mammikutty

Shri K. Ansalan

Shri Ahammad Devarkovil

Shri P. P. Chitharanjan

Shri U. A. Lathif

Shri E. K. Vijayan

Shri K. Babu (Nenmara)

Shri P. C. Vishnunadh.

After reply by minister for finance, the amendments were withdrawn by the leave of the House. Then, the motion was adopted and the Bill was referred to subject committee VIII.

ii) The Kerala Sports (Amendment) Bill, 2024 :

The Minister for Minority Welfare, Sports, Wakf and Hajj Pilgrimage Shri V. Abdurahiman introduced The Kerala Sports (Amendment) Bill, 2024 and moved the motion that the Bill be referred to Subject Committee-VI.

Shri K. P. Mohanan as authorised by Shri. Mathew T. Thomas moved 1A amendment to circulate the The Kerala Sports (Amendment) Bill, 2024 for eliciting public opinion. Shri Roji M. John moved 2B amendment for referring the bill to a Select Committee and spoke. After the reply by Minister for Minority Welfare, Sports, Wakf and Hajj Pilgrimage, the 1A amendment was withdrawn by the leave of the House and 2B amendment was decalred lost. Then the Motion was adopted and the Bill was referred to Subject Committee VI.

iii) The University Laws (Amendment) (No.2) Bill, 2025 :

The Minister for Higher Education and Social Justice DR. R. Bindu introduced The University Laws (Amendment) (No.2) Bill, 2025 and moved the motion that the Bill be referred to Subject Committee-VI.

Shri Sachindev as authorised by Smt. Daleema moved 1A amendment to circulate the The University Laws (Amendment) (No.2) Bill, 2025 for eliciting public opinion. Shri A. P. Anil Kumar as authorised by Shri Anwar Sadath moved 2B amendment for referring the bill to a Select Committee and spoke. After the

reply by Minister for Higher Education and Social Justice, the 1A amendment was withdrawn by the leave of the House and 2B amendment was decalred lost. Then the Motion was adopted and the Bill was referred to Subject Committee VI.

2) <u>Motion for consideration and further stages of The Kerala Elderly Commission Bill, 2025 as reported by the Subject Committee :</u>

DR. R. Bindu, Minister for Higher Education and Social Justice moved the motion that The Kerala Elderly Commission Bill, 2025 as reported by the Subject Committee be taken up for consideration.

Shri U. A. Lathif who recorded his dissent to the Subject Committee Report spoke.

Shri N. A. Nellikkunnu moved 1A amendment to circulate The Kerala Elderly Commission Bill, 2025 as reported by the Subject Committee for obtaining public opinion and Shri K. V. Sumesh moved 2B amendment to recommit the bill to the same Subject Committee and spoke. After the reply by the Minister for Higher Education and Social Justice, the 1A amendment was decalred lost and the 2B amendment was withdrawn by the leave of the House. The Bill was then taken up for clause by clause consideration and passed with the following amendments.

<u>നാലാം വകുപ്പ്</u>

i) ഖണ്ഡം 4(2)-ൽ "ചെയർപേഴ്സണിനോ" എന്നതിന് പകരം "ചെയർപേഴ്സണോ" എന്ന് ചേർക്കുക.

ii) ഖണ്ഡം 4(3)-ൽ "അവ" എന്ന വാക്കിന് മുമ്പ് "സർക്കാർ" എന്ന് ചേർക്കുക.

iii) ഖണ്ഡം 4(3)-ൽ " അദ്ദേഹത്തെ" എന്നതിന് പകരം " അദ്ദേഹം" എന്ന് ചേർക്കുക.

iv) ഖണ്ഡം 4(4)(എഫ്)-ൽ "അല്ലെങ്കിൽ" എന്നത് ഒഴിവാക്കുക.

v) ഖണ്ഡം 4(5)-ൽ " തത്സ്ഥാനത്ത്" എന്നതിന് പകരം " തൽസ്ഥാനത്ത്" എന്ന് ചേർക്കുക.

vi) ഖണ്ഡം 4(6)-ന്റെ ക്ലിപ്തനിബന്ധനയിൽ "കാലയളവിലേയ്ക്ക്" എന്നതിനു പകരം "കാലയളവിലേക്ക്" എന്ന് ചേർക്കുക.

vii) ഖണ്ഡം 4(8)-ൽ "അർഹത" എന്നതിന് മുമ്പിൽ "അദ്ദേഹത്തിന്" എന്ന് ചേർക്കുക.

<u>അഞ്ചാം വകുപ്പ്</u>

i) ഖണ്ഡം 5(1)-ൽ "ലഭ്യമാക്കേണ്ടതാണ്" എന്നതിന് പകരം "നിയമിക്കേണ്ടതാണ്" എന്ന് ചേർക്കുക.

<u>ആറാം വകുപ്പ്</u>

i) ഖണ്ഡം 6-ൽ "ഓണറേറിയവും ബത്തകളും" എന്നതിന് ശേഷം "സിറ്റിംഗ് ഫീസും" എന്ന് ചേർക്കുക.

<u>ഏഴാം വകുപ്പ്</u>

i) ഖണ്ഡം 7-ൽ " പ്രവൃത്തികളും" എന്നതിന് പകരം " പ്രവൃത്തിയും അല്ലെങ്കിൽ നടപടിയും" എന്ന് ചേർക്കുക

<u>എട്ടാം വകുപ്പ്</u>

i) ഖണ്ഡം 8(3)-ൽ "വിളിക്കാവുന്നതും" എന്നതിന് ശേഷം "യോഗങ്ങളിൽ പങ്കെടുക്കാവുന്നതും " എന്ന് ചേർക്കുക.

<u>ഒൻപതാം വകുപ്പ്</u>

i) ഖണ്ഡം 9(1)-ൽ "സാദ്ധ്യമാക്കുന്നതും" എന്നതിന് പകരം "സാധ്യമാക്കുന്നതും" എന്ന് ചേർക്കുക.

ii) ഖണ്ഡം 9(1)-ൽ "കഴിവുകൾ" എന്നതിന് പകരം "കഴിവുകളും പരിചയസമ്പത്തും" എന്ന് ചേർക്കുക.

iii) ഖണ്ഡം 9(1)-ൽ "ഉപയുക്തമാക്കുന്നതിനാവശ്യമായ" എന്നതിന് പകരം "പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ" എന്ന് ചേർക്കുക.

iv) ഖണ്ഡം 9(2)-ൽ "നിർവ്വഹിക്കാവുന്നതാണ്" എന്നതിന് പകരം "നിർവ്വഹിക്കേണ്ടതാണ്" എന്ന് ചേർക്കുക.

v) ഖണ്ഡം 9(2)(സി)-ൽ "അനാഥരാകപ്പെടുകയോ" എന്നതിന് പകരം "അനാഥരാകുകയോ " എന്ന് ചേർക്കുക.

vi) ഖണ്ഡം 9(2)(ഇ)-ൽ "റിപ്പോർട്ട് തയ്യാറാക്കി" എന്നതിനു ശേഷം "കഴിവതും വേഗം" എന്ന് ചേർക്കുക.

Vii) ഖണ്ഡം 9(2)(എഫ്)-ൽ "എന്നിവയിൽനിന്നും" എന്നതിനു പകരം "എന്നിവിടങ്ങളിൽനിന്നും" എന്ന് ചേർക്കുക.

Viii) ഖണ്ഡം 9(2)(ജി)-ൽ "തയ്യാറാക്കുക" എന്നതിന് പകരം "തയ്യാറാക്കി പ്രസിദ്ധീകരിക്കുക" എന്ന് ചേർക്കുക.

പത്താം വകുപ്പ്

i) ഖണ്ഡം 10(1)(ബി)-ൽ "കോർപ്പറേഷനുകളുടെയോ" എന്നതിന് ശേഷം "ബോർഡുകളുടേയോ" എന്ന് ചേർക്കുക.

ii) ഖണ്ഡം 10(4)-ൽ "പരിഹാരത്തിനായോ" എന്നതിന് ശേഷം "അന്വേഷണം പൂർത്തിയാക്കി ഒരു മാസത്തിനകം" എന്ന് ചേർക്കുക.

പതിനൊന്നാം വകുപ്പ്

i) ഖണ്ഡം 11-ൽ "സമ്മാനങ്ങൾ" എന്നതിനു പകരം "സമ്മാനങ്ങളോ പുരസ്കാരങ്ങളോ" എന്നത് ചേർക്കുക.

ii) ഖണ്ഡം 11-ൽ "നൽകുന്നതിനും" എന്നതിന് ശേഷം "ആയതിലേക്ക്" എന്ന് ചേർക്കുക.

പതിനാലാം വകുപ്പ്

i) ഖണ്ഡം 14(1)-ൽ "തീയതിയിലും" എന്നതിന് പകരം "രീതിയിലും" എന്ന് ചേർക്കുക.

ഇരുപതാം വകുപ്പ്

i)ഖണ്ഡം 20 താഴെപ്പറയും പ്രകാരം മാറ്റുക.

" 20. സാധൂകരണം.– 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസിന്റെ (2024-ലെ 3) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നാൽ തന്നെയും,–

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻ കീഴിൽ ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ് ;

(ബി) പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം ഇല്ലാതായിത്തീർന്നതിനുശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതിയ്ക്ക് മുമ്പും ചെയ്ത ഏതൊരു കാര്യവും എടുത്ത ഏതൊരു നടപടിയും പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നില്ലായെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്യാമായിരുന്ന അഥവാ എടുക്കാമായിരുന്നു എങ്കിൽ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്."

ഒന്നാം വകുപ്പും പീഠികയും ചേരും

i) ദീർഘശീർഷകത്തിൽ "കഴിവുകൾ" എന്നതിന് പകരം "കഴിവുകളും പരിചയസമ്പത്തും" എന്ന് ചേർക്കുക.

ii) ദീർഘശീർഷകത്തിൽ " ഉപയുക്തമാക്കുന്നതിനാവശ്യമായ" എന്നതിന് പകരം " പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ" എന്ന് ചേർക്കുക.

iii) ദീർഘശീർഷകത്തിൽ " പ്രവർത്തനങ്ങൾ" എന്നതിന് പകരം " പദ്ധതികളും പ്രവർത്തനങ്ങളും" എന്ന് ചേർക്കുക.

iv) ദീർഘശീർഷകത്തിൽ " ഉറപ്പവരുത്തുന്നതിനുമായി" എന്നതിന് പകരം " ഉറപ്പുവരുത്തുന്നതിനുമായി" എന്ന് ചേർക്കുക.

v) പീഠികയിൽ " കഴിവുകൾ" എന്നതിന് പകരം "കഴിവുകളും പരിചയസമ്പത്തും" എന്ന് ചേർക്കുക.

vi) പീഠികയിൽ "ഉപയുക്തമാക്കുന്നതിനാവശ്യമായ" എന്നതിന് പകരം " പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ" എന്ന് ചേർക്കുക.

vii) പീഠികയിൽ "പ്രവർത്തനങ്ങൾ" എന്നതിന് പകരം " പദ്ധതികളും പ്രവർത്തനങ്ങളും " എന്ന് ചേർക്കുക.

The House adjourned at 5.50 p.m. to meet again at 9.00 a.m on Thursday, March 20, 2025.

DR. N. Krishna Kumar,
*Secretary*.